**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3706** **09-10-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ കൃഷിഭവനുകൾ ഹൈടെക് ആയി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ വിവിധ കൃഷിഭവനുകൾ മുഖേന 2016 മേയ് മുതൽ 2025 വരെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് കൃഷി നശിച്ച എത്ര കർഷകർക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടെന്ന് കൃഷിഭവൻ തിരിച്ച് വിശദമാക്കാമോ; | (എ) | **വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര കൃഷിഭവനുകൾ ഹൈടെക്ക് ആയി ഉയർത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 3 കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം 37.5 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 24.86616 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ലിമി.) നിർവ്വഹണ ഏജൻസിയായി നബാർഡ് ആർ. ഐ. ഡി എഫ് ട്രാഞ്ചേ 27ൽ ഉൾപ്പെടുത്തി പുളിമാത്ത് ബ്ലോക്കിലെ നഗരൂർ കൃഷി ഭവനെയും ട്രാഞ്ചേ 30ൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര കൃഷി ഭവനെയും തെരഞ്ഞെടുത്തിരുന്നു. 342.67 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പാറശ്ശാല മണ്ഡലത്തിലെ കൃഷിഭവനുകൾ ഹൈടെക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ ഐ ഡി എഫ് ട്രാഞ്ചേ-31ൽ പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവൻ ആയി ഉയർത്തുന്നതിനു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | കൃഷിഭവൻ | കർഷകരുടെ എണ്ണം |
|---|---|---|
| 1 | കള്ളിക്കാട് കൃഷിഭവൻ | 816 |
| 2 | കൊല്ലയിൽ കൃഷിഭവൻ | 2090 |
| 3 | ആര്യങ്കോട് കൃഷിഭവൻ | 1136 |
| 4 | കുന്നത്തുകാൽ കൃഷിഭവൻ | 2006 |
| 5 | വെള്ളറട കൃഷിഭവൻ | 928 |
| 6 | അമ്പൂരി കൃഷിഭവൻ | 1445 |
| 7 | പെരുങ്കടവിള കൃഷിഭവൻ | 2499 |
| 8 | ഒറ്റശേഖരമംഗലം കൃഷിഭവൻ | 1555 |
| 9 | പാറശ്ശാല കൃഷിഭവൻ | 3140 |
| | **ആകെ** | **15615** |

**സെക്ഷൻ ഓഫീസർ**